(സി) 2004–2005 വർഷം 4583.19 ലക്ഷം രൂപ അനുവദിച്ചു.

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം കേന്ദ്രസർക്കാർ അനുവദിച്ച തുകയിൽ ചില പദ്ധതികൾക്കുള്ള തുക വൈകി ലഭിച്ചതിനാലും ശീർഷകവും ബഡ്ജറ്റ് പ്രൊവിഷനും ഇല്ലാതിരുന്നതിനാലും മുഴുവൻ തുകയും ചെലവഴിക്കാൻ കഴിഞ്ഞില്ല. പ്രസ്തുത തുക റീവാലിഡേറ്റ് ചെയ്തു കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) സംസ്ഥാനത്ത് കാർഷിക ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹോർട്ടിക്കൾച്ചർ വിളകളായ കശുമാവ്, പഴം, പച്ചക്കറി, പുഷ്പക്കൃഷി, കുരുമുളക്, മറ്റു സുഗന്ധവിളകൾ എന്നിവയുടെ വികസനത്തിന് കേന്ദ്ര സഹായത്തോടെ 'ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ' എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. തെങ്ങിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് കേന്ദ്രസഹായത്തോടെ 1924.67 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 10,000 ഹെക്ടർ സ്ഥലത്ത് 5 കോടി രൂപ ചെലവഴിച്ച് തരിശുഭൂമിയിൽ നെൽക്കൃഷി വ്യാപിപ്പിക്കുന്നതാണ്. പ്രായമായതും രോഗം ബാധിച്ചതുമായ കുരുമുളക്, കശുമാവ് എന്നിവ മാറ്റി പുതിയ നല്ലയിനം തൈകൾ റീപ്ലാന്റ് ചെയ്യുന്നതാണ്.

"തോട്ടവിളകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഉന്നതതല സമിതി"

114 [2847] *ശ്രീ. എം. മുരളി:*
,, കെ. ബാബു:
,, ജി. കാർത്തികേയൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടവിളകളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) ഈ സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായുള്ളത്;

(സി) ഈ സമിതിയുടെ റിപ്പോർട്ട് ലഭിച്ചുവോ;

(ഡി) എങ്കിൽ അതിലെ ശുപാർശകൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധം I-ൽ കൊടുത്തിട്ടുണ്ട്.†

(സി) & (ഡി) പ്രസ്തുത സമിതിയുടെ ആദ്യയോഗം 9-2-2004-ന് കൃഷി വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ഈ യോഗത്തിന്റെ തീരുമാനങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.†

നാളികേര കൃഷി വികസനത്തിന് പദ്ധതി

115 [2857] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരം റീപ്ലാന്റേഷൻ ഉൾപ്പെടെയുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നത്;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങൾ ഈ പദ്ധതിക്കു കീഴിൽ വരുമെന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റവും ഗുണമേന്മയുള്ള നാളികേരം ഉല്പാദിപ്പിക്കുന്ന മേപ്പയൂർ മണ്ഡലത്തിൽ വരുന്ന കുറ്റ്യാടി മേഖല പ്രസ്തുത പദ്ധതിക്കു കീഴിൽ കൊണ്ടുവരുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നാളികേരം റീപ്ലാന്റേഷൻ ഉൾപ്പെടെയുള്ള 1924.67 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതിക്ക് കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതി കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. നാളികേര ടെക്നോളജി മിഷൻ പദ്ധതിപ്രകാരം 37.697 കോടി രൂപയുടെ ഒരു പദ്ധതി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലും 6,80,250 രൂപയുടെ ഒരു പദ്ധതി കോഴിക്കോട് ജില്ലയിലും നടപ്പിലാക്കിവരുന്നു.

(ബി) നാളികേര ടെക്നോളജി മിഷൻ പദ്ധതിയനുസരിച്ച് കൂമ്പുചീയൽ രോഗ നിയന്ത്രണത്തിനുള്ള പദ്ധതി കോഴിക്കോട് ജില്ലയിലെ തൂണേരി, കുന്നുമ്മേൽ, കുന്നമംഗലം, കൊടുവള്ളി ബ്ലോക്കുകളിൽ നടപ്പിലാക്കുന്നു.

(സി) നാളികേര ടെക്നോളജി മിഷൻ പദ്ധതിപ്രകാരം കൂമ്പുചീയൽ രോഗ നിയന്ത്രണത്തിനുള്ള 6,80,250 രൂപയുടെ പദ്ധതി കുറ്റ്യാടി മേഖല ഉൾപ്പെടുന്ന കുന്നുമ്മേൽ ബ്ലോക്കിലും നടപ്പിലാക്കിവരുന്നു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly